**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2339** **09-02-2023 - ൽ മറുപടിയ്ക്ക്**

**ലഹരി പദാർത്ഥങ്ങളുടെ ഉപയോഗവും ക്രയവിക്രയങ്ങളും തടയുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ലഹരി പദാർത്ഥങ്ങളുടെ ഉപയോഗവും ക്രയവിക്രയങ്ങളും പൂർണ്ണമായും തടയുന്നതിന് സ്വീകരിച്ച നടപടികൾ മൂലം കൈവരിക്കാനായ നേട്ടങ്ങൾ വിശദമാക്കാമോ? | (എ) | സംസ്ഥാനത്ത് പൊതുസ്ഥലങ്ങളിൽ ലഹരി പദാർത്ഥങ്ങളുടെ വില്പന തടയുന്നതിന് എക്സൈസ് വകുപ്പ് മറ്റ് വകുപ്പുകളുമായി ചേർന്ന് സംയുക്ത റെയ്ഡുകളും, പരിശോധനകളും നടത്തി ശക്തമായ നടപടികൾ എടുത്തു വരുന്നു. ചെക്ക്പോസ്റ്റുകളിലെ പരിശോധന, ബോർഡർ പട്രോളിംഗ്, ഹൈവേ പട്രോളിംഗ്, ആകസ്മിക കോമ്പിംഗ് ഓപ്പറേഷനുകൾ മുതലായവ നടത്തുന്നതുവഴി കൂടുതൽ കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിന് സാധിച്ചിട്ടുണ്ട്. കൂടാതെ ഇതുമൂലം പൊതുസ്ഥലത്തെ പുകവലിയ്ക്കും മദ്യപാനത്തിനും കാര്യമായ കുറവ് ഉണ്ടായിട്ടുണ്ട്. സ്കൂൾ പരിസരങ്ങളിലെ കടകളിൽ ലഹരി വസ്തുക്കൾ വിൽക്കുന്ന പ്രവണത വലിയൊരളവിൽ കുറവു വന്നിട്ടുണ്ട്. ലഹരി വസ്തുക്കളുമായി പിടിയിലാകുന്നവരുടെ മൊബൈൽ ഫോണുകൾ പരിശോധിച്ചും കാൾ ഡീറ്റെയിൽസ് ശേഖരിച്ചും ബാങ്ക് അക്കൗണ്ടുകൾ പരിശോധിച്ചും ലഹരിവസ്തുക്കളുടെ ഉറവിടം കണ്ടെത്തിവരുന്നു. ഇപ്രകാരം പിടിക്കപ്പെടുന്നവരുടെ മുൻ കേസ്സ് വിവരങ്ങൾ ശേഖരിച്ച് കുറ്റപത്രം തയ്യാറാക്കി കോടതി മുൻപാകെ സമർപ്പിച്ചുവരുന്നു. ഇതിന്റെ ഭാഗമായി കണ്ടെത്തുന്ന കേസുകളുടെ എണ്ണവും, പ്രതികളുടെ എണ്ണവും, പിടിച്ചെടുക്കുന്ന മയക്കുമരുന്നിന്റെ അളവും മുൻ വർഷങ്ങളെ അപേക്ഷിച്ച് വർദ്ധിച്ചിട്ടുണ്ട്.<br><br>ലഹരിമുക്ത വിദ്യാലയം 2.0 പദ്ധതിയുടെ ഭാഗമായി എല്ലാ എക്സൈസ് ഉദ്യോഗസ്ഥരും സ്കൂളുകളും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളും സന്ദർശിച്ച് പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഉണർവ്വ് പദ്ധതി രൂപീകരിച്ച് വിദ്യാർത്ഥികളെ ലഹരി ഉപയോഗത്തിൽ എത്തിക്കാതിരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. നേർവഴി പദ്ധതിയിലൂടെ അദ്ധ്യാപകരെ ശാക്തീകരിച്ച് കുട്ടികളിലെ സ്വഭാവ വ്യതിയാനം തുടക്കത്തിലെ |

| | | | |
|---|---|---|---|
| | | | കണ്ടെത്തി ലഹരി ഉപയോഗത്തിൽ നിന്ന് പിന്തിരിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്. സ്കൂൾ കുട്ടികൾക്ക് മെന്ററിംഗ് സംവിധാനം ലഭ്യമാക്കിയതിൽ ലഹരി വസ്തുക്കൾ ഉപയോഗിക്കുന്ന ധാരാളം കുട്ടികളെ ഈ ദുശ്ശീലത്തിൽ നിന്നും പിൻതിരിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.<br><br>ലഹരി ഉപയോഗത്തിൽ നിന്നും വിദ്യാർത്ഥികളെ പിൻതിരിപ്പിക്കുക, അവർക്ക് ആത്മവിശ്വാസവും പിന്തുണയും നൽകുന്നതിന് നടപടികൾ സ്വീകരിക്കുക, കർമ്മശേഷിയെ ക്രിയാത്മക മേഖലകളിൽ വിനിയോഗിക്കുന്നതിന് പരിശീലനം നൽകുക, വിദ്യാഭ്യാസത്തിനൊപ്പം വിദ്യാർത്ഥികളിലെ കലാ കായിക കഴിവുകളെ പരിപോഷിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ വിമുക്തി മിഷൻ മുഖേന നടത്തുന്ന വിവിധങ്ങളായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ സ്കൂൾ-കോളേജ് വിദ്യാർത്ഥികളിലും, യുവജനങ്ങളിലും ലഹരിക്കെതിരായ ഒരു ചിന്താഗതി വളർത്തിയെടുക്കുന്നതിനു സാധിച്ചിട്ടുണ്ട്.<br><br>ബോധവൽക്കരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഫലമായി സമൂഹത്തിന്റെ എല്ലാ തലത്തിലുമുള്ള ജനങ്ങൾക്കിടയിൽ ലഹരിക്കെതിരെ അവബോധം സൃഷ്ടിക്കുവാൻ സാധിച്ചിട്ടുണ്ട്. കൂടാതെ ലഹരിയ്ക്ക് അടിമപ്പെട്ടവർക്ക് കൗൺസിലിംഗും ഡീ-അഡിക്ഷൻ ചികിത്സയും നൽകി വരുന്നു. തദ്ദേശ സ്ഥാപനങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ജാഗ്രതാ സമിതികൾ രൂപീകരിച്ച് പ്രവർത്തിക്കുന്നതുമൂലം ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങളിൽ ജനകീയ ഇടപെടൽ വർദ്ധിപ്പിക്കുവാനും സാധിച്ചിട്ടുണ്ട്. മയക്കുമരുന്നുമായി ബന്ധപ്പെട്ട കുറ്റവാളികളുടെ പട്ടിക തയ്യാറാക്കി അവരെ പ്രത്യേകം നിരീക്ഷിച്ച് അവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നതിലൂടെ മയക്കുമരുന്ന് കടത്ത് നല്ല തോതിൽ തടയുന്നതിന് സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ